**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2377 18.06.2014-ൽ മറുപടിക്ക്**

**<u>കാസർഗോഡ് ജില്ലയിൽ ഡോക്ടർമാരുടെ ദൗർലഭ്യം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ബന്തഡുക്ക സി.എച്ച്.സി.യിൽ എത്ര ഡോക്ടർമാരുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്; | (എ) കാസർഗോഡ് ജില്ലയിൽ ബന്തഡുക്കയിൽ പി.എച്ച്.സി-യാണ് നിലവിലുള്ളത്. അവിടെ ഒരു ഡോക്ടറുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഐ.പി യൂണിറ്റുള്ള ഈ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർമാരെ നിയമിക്കാത്തതുമൂലം ഐ.പി അടക്കമുള്ള സംവിധാനം നിലച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ബന്തഡുക്ക പി.എച്ച്.സി-യിൽ ഐ.പി യൂണിറ്റ് അനുവദിച്ചിട്ടില്ല. |
| (സി) മലയോര മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ ഐ.പി, ഒ.പി മുടങ്ങിയതു കാരണം നിരവധി പട്ടികവർഗ്ഗ സങ്കേത ങ്ങളുള്ള ബന്തഡുക്ക, കുറ്റിക്കോൽ പഞ്ചായത്തിലെ ഗ്രാമവാസികൾക്ക് 50 ഉം 60 ഉം കി.മി അകലെയുള്ള താലൂക്ക് കേന്ദ്രങ്ങളിലെ ആശുപത്രിയെ ആശ്രയിക്കേണ്ട ദുർഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ബന്തഡുക്ക പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒ.പി വിഭാഗം സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്. അവിടെ നിലവിൽ ഒരു താൽക്കാലിക ഡോക്ടറുടെ സേവനം ലഭ്യമാണ്. എന്നാൽ ഐ.പി വിഭാഗം അനുവദിച്ചിട്ടില്ല. |
| (ഡി) എങ്കിൽ ബന്തഡുക്ക സി.എച്ച്. സി-യിൽ ഡോക്ടർമാരുടെ തസ്തികകൾ നികത്തി ഐ.പി, ഒ.പി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ